പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5678 27. 10. 2011 ലെ മറുപടിക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം<br>ശ്രീ റ്റി. വി. രാജേഷ് : | ഉത്തരം<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
|---|---|
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിച്ച് പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളുടേയും വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് വെബ്പോർട്ടൽ മുഖേന ഓൺലൈൻ ആയി ലഭ്യമാക്കി സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള തൊഴിൽ വിവരങ്ങൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇതോടൊപ്പം online registration, online renewal മുതലായ സേവനങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 30.09.2011 വരെ എത്ര തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) 4342267 പേരാണ് 30.09.2011 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എന്തൊക്കെ തൊഴിൽ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ ? | (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന ചുവടെ പറയുന്ന സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

1) KESRU (Kerala State Self Employment Scheme for the Registered Unemployed)
2) MPSC/JC (Multi Purpose Service Centres/Job club)
3) ശരണ്യാ ( Self Employment Programme for the Destitute Women)

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം



## 1) KESRU (Kerala State Self Employment Scheme for the Registered Unemployed)

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിനടപ്പാക്കുന്ന ഒരു സ്വയം തൊഴിൽ പദ്ധതിയാണ്. പദ്ധതി പ്രകാരം 1,00,000/- രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുകയും വായ്പ്പാ തുകയുടെ 20% സബ്സിഡിയായി സർക്കാർ എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തിരം വിതരണം നടത്തുകയും ചെയ്യുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 21 നും 50 നും മദ്ധ്യേ പ്രായമുള്ളതും വാർഷിക കുടുംബവരുമാനം 40,000/- രൂപയിൽ കവിയാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

### 2) MPSC/JC (multi purpose Service Centres/Job Club)

വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിച്ച് സ്വയം തൊഴിൽ ക്ലബ്ബ് രൂപീകരിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, വാർഷിക കുടുംബവരുമാനം 50000/- രൂപയിൽ കവിയാത്ത 21-നും 40 നും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതർക്ക് പദ്ധതി പ്രകാരം ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. SC/ST വിഭാഗക്കാർക്ക് 5 വർഷവും OBC വിഭാഗക്കാർക്ക് 3 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 10,00,000/- രൂപ വായ്പ അനുവദിക്കുന്നതാണ്. പദ്ധതിചെലവിന്റെ 25% പരമാവധി 2,00,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നതാണ്.

6

3) ശരണ്യ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, 30 വയസ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്കായി ആരംഭിച്ചിട്ടുള്ള സ്വയം തൊഴിൽ പദ്ധതിയാണിത്. ഇത് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പദ്ധതിയാണ്. പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50 % സബ്സിഡിയായി അനുവദിക്കുന്നതാണ്.

ഈ പദ്ധതികളിലൂടെയും പരമാവധി പേർക്ക് തൊഴിൽ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.